ക്രമപ്രശ്നം

ചട്ടം ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കഴിഞ്ഞ 19-ാമത് റിപ്പോർട്ട് സമർപ്പിച്ച സന്ദർഭത്തിൽ അന്ന് അതിനകത്ത് ഒരു കാര്യം സൂചിപ്പിക്കുകയുണ്ടായി. ഒരു മെമ്പർക്ക് ഒരു ദിവസം ഒരു ബിൽ അവതരിപ്പിക്കാനുള്ള അനുമതി കൊടുക്കുമെന്നാണ് പറഞ്ഞത്. വ്യക്തിപരമായി എനിക്ക് അതിനോട് യോജിപ്പാണ്. നേരത്തെ ഇവിടെ ഉണ്ടായിരുന്ന ബില്ലുകളുടെ എണ്ണം കുറവായതുകൊണ്ട് ഇവിടൊരു ഭേദഗതി വന്നു. 2010 മാർച്ച് 31-ൽ ഇറക്കിയ ബുള്ളറ്റിന്റെ അടിസ്ഥാനത്തിൽ "നീക്കിവച്ചിട്ടുള്ള ദിവസത്തിൻ പ്രകാരം ഒരു മെമ്പർക്ക് രണ്ടിൽ കൂടുതലല്ലാത്ത പ്രമേയങ്ങൾ അവതരിപ്പിക്കാം" എന്നത് ചട്ടത്തിന്റെ ഭാഗമായി മാറി. ചട്ടം ഭേദഗതി ചെയ്യാൻ കമ്മിറ്റിക്ക് എന്താണ് അവകാശം? ചട്ടത്തിൽ ഭേദഗതി വരുത്താൻ ചട്ടപ്രകാരം സ്പീക്കർക്കു മാത്രമേ അവകാശമുള്ളൂ. അല്ലെങ്കിൽ ഈ ചട്ടം ഭേദഗതിചെയ്തുകൊണ്ട് നേരത്തേയുള്ളതുപോലെയാക്കണം. 2010 മാർച്ച് 31-ലെ ബുള്ളറ്റിൻ പ്രകാരമുള്ള ചട്ടത്തിനുവിരുദ്ധമായി ഒരു കമ്മിറ്റിക്ക് ഒരു പ്രൊപ്പോസൽ സമർപ്പിക്കാൻ അവകാശമുണ്ടോ? അതുസംബന്ധിച്ചുള്ള സംശയമാണ് എനിക്കുള്ളത്. ഈ ചട്ടത്തിലെ ഉപവകുപ്പ് ഭേദഗതി ചെയ്തുകൊണ്ട് സ്പീക്കർക്ക് അനുമതി കൊടുക്കുന്നതിൽ തെറ്റില്ല. പക്ഷേ ചട്ടവിരുദ്ധമായി ഒരു പ്രൊപ്പോസൽ കമ്മിറ്റി വയ്ക്കുമ്പോൾ അത് സംബന്ധിച്ച് സ്പീക്കറുടെ അനുമതിയോടുകൂടിയാണോ ചട്ടത്തെ വ്യത്യാസപ്പെടുത്തി കമ്മിറ്റി ഈ നിർദ്ദേശം വച്ചത് എന്നൊരു സംശയമുണ്ട്. അതുസംബന്ധിച്ച് ഒരു വ്യക്തത വരുത്തേണ്ടതുണ്ട്.

മി. സ്പീക്കർ: തർക്കം വേണ്ട. ഞാൻ മറുപടി പറയാം.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ഇത്തരത്തിലൊരു കമ്മിറ്റി സ്പീക്കർക്ക് തീരുമാനമെടുത്ത് വയ്ക്കാനുണ്ടായ സാഹചര്യം, ഈ സഭയിൽത്തന്നെ ഒരു പാട് ബില്ലുകൾ വന്നു. ബില്ലുകൾ വന്ന സന്ദർഭത്തിൽ മെമ്പർമാർക്ക് അത് അവതരിപ്പിക്കാൻ സാധിക്കാതെ വന്നു. കഴിഞ്ഞ സഭയുടെ കാലത്തുള്ള ബില്ലുകൾ പോലും വരികയാണ്. സാർ ഉൾപ്പെടെ സഭയിലെ എല്ലാ അംഗങ്ങളും പ്രകടിപ്പിച്ച വികാരങ്ങൾ മാധ്യമങ്ങളിൽ വലിയ ചർച്ചയായി വന്നു. അതുകൊണ്ടാണ് കമ്മിറ്റി അത് ചർച്ച ചെയ്തതും ബഹുമാനപ്പെട്ട സ്പീക്കർക്ക് ഒരു സജഷനായി സമർപ്പിച്ചതും. ബഹുമാനപ്പെട്ട സ്പീക്കറുടെ അംഗീകാരത്തോടുകൂടിയാണ് കമ്മിറ്റി വീണ്ടും ഇത് കൊണ്ടുവന്നത്.

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഒരു സംശയം ചോദിച്ചുവെന്നേയുള്ളൂ. ശ്രീ. കോടിയേരീ സാധാരണ ഗതിയിൽ അങ്ങ് സൂചിപ്പിച്ചതുപോലെ ഒരു കമ്മിറ്റിക്കു മാത്രമായി ചട്ടം ഭേദഗതി ചെയ്യാൻ സാധ്യമല്ല. സ്പീക്കറുടെ അനുമതിയോടുകൂടി മാത്രമേ ഇത് സാധ്യമാവൂ. യഥാർത്ഥത്തിൽ അവർ സ്പീക്കറുടെ അനുമതിയോടുകൂടിയാണ് അത് ചെയ്തത്.

സ്വകാര്യ ബില്ലുകളുടെ അവതരണത്തിൽ നിയമസഭാ ചട്ടം 70 (4) പ്രകാരം ഒരു മെമ്പർക്ക് രണ്ടിൽ കൂടുതലല്ലാത്ത പ്രമേയങ്ങൾ അവതരിപ്പിക്കുവാൻ അവകാശമുണ്ടെന്നും അത് ഭേദഗതി ചെയ്യുവാൻ കമ്മിറ്റിക്ക് അധികാരമില്ലെന്നുമാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉന്നയിച്ചിരിക്കുന്ന ക്രമപ്രശ്നം. പതിമൂന്നാം കേരള നിയമസഭയുടെ കാലയളവിൽ ഇതുവരെ അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കായി നോട്ടീസ് ലഭിച്ചത് 80 ബില്ലുകൾക്കാണ്. ഇനി സഭ മുമ്പാകെ അവതരണാനുമതി പ്രമേയം അവതരിപ്പിക്കാനുള്ളത് 21 ബില്ലുകളുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ

10 ബില്ലുകൾ മാത്രമാണ് പിൻവലക്കുകയോ തള്ളുകയോ ചെയ്തത്. ഇനി തുടർ ചർച്ചയ്ക്കായി 49 ബില്ലുകളുണ്ട്. അവതരണാനുമതി തേടുന്ന അവസരത്തിൽ ഒരംഗത്തിന് 5 മിനിട്ട് സമയമാണ് അനുവദിച്ചിരുന്നത്. പിന്നീട് തുടർ ചർച്ചയ്ക്ക് ആ അംഗത്തിന് അവസരം ലഭിക്കുന്നത് വർഷങ്ങൾ കഴിഞ്ഞിട്ടാണ്. ഇന്നത്തെ അജണ്ടയിൽ ചേർത്തിട്ടുള്ള ഒരു ബില്ല് 2011 ജൂലൈയിൽ അവതരണാനുമതി തേടിയതാണ്. ഇക്കാര്യത്തിൽ മാറ്റം വരുത്തണമെന്ന് സഭയിൽത്തന്നെ പല അംഗങ്ങളും ആവശ്യപ്പെടുകയും വെള്ളിയാഴ്ച ദിവസങ്ങളിൽ ബില്ല് പരിഗണിക്കുന്നത് സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി ചെയറിന് സമർപ്പിച്ചിരുന്നു. ഇതിന്റെയടിസ്ഥാനത്തിലാണ് അവതരണാനുമതി പ്രമേയങ്ങൾ അവതരിപ്പിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ള എല്ലാ അംഗങ്ങളെയും അവതരണാനുമതി പ്രമേയങ്ങളുടെ മുൻഗണന നിശ്ചയിക്കുന്ന നറുക്കെടുപ്പിൽ ഉൾപ്പെടുത്തുന്നതിനും മുൻഗണന ലഭിക്കുന്ന ആദ്യത്തെ അഞ്ചംഗങ്ങൾ നോട്ടീസ് നൽകുന്ന ഓരോ ബില്ലുകൾക്ക് മാത്രം അവതരണാനുമതി പ്രമേയം അവതരിപ്പിക്കുന്നതിന് അനുമതി നൽകിയാൽ മതിയെന്നും തീരുമാനിച്ചത്. നിയമസഭാ ചട്ടം 70(4) പ്രകാരം ബിൽ അവതരണത്തിനായി നീക്കിവച്ചിട്ടുള്ള ഒരു ദിവസത്തിൽ ‘‘not more than two motions shall be moved by a member" എന്നാണ് അനുശാസിച്ചിട്ടുള്ളത്. ഇതിന്റെ അർത്ഥം അംഗത്തിന് രണ്ടിൽ അധികം അതായത് മൂന്ന് പ്രമേയങ്ങൾ അവതരിപ്പിക്കുവാൻ കഴിയില്ല എന്നാണ്. രണ്ടോ അതിൽ താഴെയോ പ്രമേയങ്ങൾക്ക് അവതരണാനുമതി തേടാം. രണ്ട് എണ്ണത്തിന് തന്നെ അനുമതി നൽകണമെന്ന് നിഷ്ക്കർഷിക്കുവാൻ കഴിയുകയില്ല. ‘‘not less than two motions shall be moved by a member"

എന്നായിരുന്നു ചട്ടമെങ്കിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചൂണ്ടിക്കാണിച്ച പ്രകാരം ഏറ്റവും കുറഞ്ഞത് രണ്ട് പ്രമേയങ്ങൾക്ക് അനുമതി നൽകേണ്ടി വരുമായിരുന്നു. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ശുപാർശകൾ ചെയറിന്റെ കൂടി അംഗീകാരത്തോടെയാണ് നടപ്പിലാക്കിയിട്ടുള്ളത്. ബില്ലുകൾക്ക് അവതരണാനുമതി തേടുന്ന അംഗങ്ങൾക്ക് കൂടുതൽ സമയം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ നടപടിക്രമം സ്വീകരിച്ചിട്ടുള്ളത്. 27.06.2014-ൽ ഇതേ നടപടിക്രമം നടപ്പിലാക്കിയപ്പോൾ അനൗദ്യോഗിക ബില്ലുകളുടെ ചർച്ച കൂടുതൽ അർത്ഥവത്താക്കുവാൻ സഭയ്ക്ക് കഴിഞ്ഞു. പുതിയ നടപടിക്രമത്തിൽ ചട്ടവിരുദ്ധമായി യാതൊന്നും ഇല്ലാത്ത സാഹചര്യത്തിൽ ക്രമപ്രശ്നം തള്ളുന്നു.